പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2224 — 11.02.2020-ൽ മറുപടിക്ക്.

## പൊതുവിതരണ സംവിധാനം

| ചോദ്യം<br>**ശ്രീ.മുല്ലക്കര രത്നാകരൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) എഫ്.സി.ഐ. യിൽ നിന്നും റേഷൻകടകളിൽ എത്തിച്ചേരുന്ന ഭക്ഷ്യധാന്യ ചാക്കുകളിൽ അളവിൽ കുറവുള്ളതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) എഫ്.സി.ഐ യിൽ നിന്നും നേരിട്ട് റേഷൻ കടകളിലേയ്ക്ക് റേഷൻ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നില്ല. എഫ്.സി.ഐ യിൽ നിന്നും എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ എത്തുന്ന റേഷൻ സാധനങ്ങളുടെ തൂക്കത്തിലുള്ള കുറവ് ചില ജില്ലകളിൽ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. എൻ.എഫ്.എസ്.എ ഡിപ്പോകളിൽ നിന്നും എ.ആർ.ഡി കൾക്ക് തൂക്കം ബോധ്യപ്പെടുത്തിയാണ് റേഷൻ സാധനങ്ങൾ നല്കുന്നത്. |
| (ബി) എഫ്.സി.ഐ. യിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ റേഷൻകടകളിലേക്ക് വിതരണത്തിനായി എത്തിക്കുമ്പോഴുള്ള പാക്കിംഗ് സംവിധാനം ആധുനികവത്കരിക്കാമോ ; | (ബി) റേഷൻ സാധനങ്ങൾ പാക്കിംഗ് സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) പൊതുവിതരണ സംവിധാനം ആധുനികവത്കരിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ ? | (സി) പൊതുവിതരണ സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട് . ഇതുമൂലം റേഷൻ കടകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമായി മാറി. യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കാൻ സാധിക്കുന്നു. പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കിയതു മൂലം ഏതു റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാൻ അവസരം ലഭിച്ചു. തന്മൂലം കൂടുതൽ കാർഡുടമകൾ റേഷൻ വിഹിതം വാങ്ങാൻ തുടങ്ങിയിട്ടുണ്ട് . നിലവിൽ നാഷണൽ പോർട്ടബിലിറ്റി നടപ്പാക്കിയതു മൂലം കേരളം ഉൾപ്പെടെയുള്ള 12 സംസ്ഥാനങ്ങളിലെ എഎവൈ / മുൻഗണന കാർഡുകൾക്ക് ഇതിൽ ഏതു സംസ്ഥാനത്തു നിന്നും റേഷൻ വാങ്ങാൻ കഴിയും. റേഷൻകാർഡുകളുടെ വിതരണം |

പൂർണമായും ഓൺലൈനായി മാറി . പുതിയ കാർഡിനായും കാർഡിലെ തിരുത്തലുകൾക്കായും ഉള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാനും അപേക്ഷയുടെ സ്ഥിതി നിരീക്ഷിക്കാനും സാധിക്കും. ഇ-കാർഡ് നടപ്പാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഈ സംവിധാനം മുഖേന അപേക്ഷകന് റേഷൻ കാർഡ് നേരിട്ട് പ്രിന്റൗട്ട് എടുക്കാൻ സാധിക്കും. സപ്ലൈ ചെയിൻ മാനേജ്മെന്റ് നടപ്പാക്കിയതു മൂലം റേഷൻകടകളിൽ സാധനങ്ങൾ എത്തിക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ കമ്പ്യൂട്ടർവത്ക്കരിച്ചു. ഓരോ കടയിലെയും ഗോഡൗണുകളിലെയും സ്റ്റോക്ക് വിവരങ്ങൾ ആർക്കും തത്സമയം നിരീക്ഷിക്കാൻ സാധിക്കും. ഓൺലൈനായി പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പരിഹാര സംവിധാനം പൊതുജനങ്ങൾക്ക് ഗുണകരമാണ് . civilsupplieskerala.gov.in, epos.kerala.gov.in എന്നീ സുതാര്യതാ പോർട്ടലുകളിലൂടെ റേഷൻ കാർഡുകളുടെ വിവരങ്ങളും റേഷൻകടയിലെ വിവരങ്ങളും തത്സമയം നിരീക്ഷിക്കാൻ സാധിക്കും.

സെക്ഷൻ ഓഫീസർ